# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 508
# 29.05.2019 ലെ മറുപടിക്ക്

## കോതമംഗലം മണ്ഡലത്തിലെ ടെണ്ടർ സേവിങ്ങ്സ് വിവരങ്ങൾ

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 വർഷങ്ങളിലായി എത്ര തുകയുടെ ടെണ്ടർ സേവിങ്ങ്സ് ഉണ്ട് എന്ന് വ്യക്തമാക്കാമോ; | 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിയ്ക്കേണ്ടതാണ്. പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിയ്ക്കുകയുള്ളൂ. |
| (ബി) | ടെണ്ടർ സേവിങ്ങ്സുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമയ ബന്ധിതമായി എം.എൽ.എ. മാരെ അറിയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ